# നീതിന്യായ സംവിധാനത്തിന്റെ പരിഷ്കരണം

**നാട്ടിൽ** ക്രമസമാധാനവും സ്വൈരജീവിതവും സുസാധ്യമാകുന്നതിന് സംശുദ്ധമായ നീതിന്യായ വ്യവസ്ഥയുടെ ജാഗ്രത്തായ പ്രവർത്തനം അനിവാര്യമാണ്. പൗരന്മാർ തമ്മിലുള്ള തർക്കങ്ങളിൽ തീർപ്പു കൽപിക്കുക മാത്രമല്ല ജുഡീഷ്യറിയുടെ ദൗത്യം. പൗരന്മാരും സർക്കാറും തമ്മിലും കേന്ദ്ര-സംസ്ഥാന സർക്കാറുകൾ തമ്മിലും ഉണ്ടാകുന്ന പ്രശ്നങ്ങളിലും വിധി പറയുന്നത് കോടതികളാണ്. ജുഡീഷ്യറിയുടെ പ്രവർത്തനത്തിലൂടെയാണ്, ഭരണഘടന വിഭാവനം ചെയ്യുന്ന പൗരാവകാശങ്ങളും സ്വാതന്ത്ര്യവും ജനങ്ങൾക്ക് പലപ്പോഴും പ്രായോഗികതലത്തിൽ അനുഭവിക്കാൻ കഴിയുന്നത്. ഭരണകൂടത്തിന്റെ നടപടികൾ തെറ്റാണെന്നു തോന്നിയാൽ കോടതി മുഖേന അതിനു തടയിടാൻ ഇന്ത്യൻ പൗരന് സാധിക്കുന്നു. ഇതിനൊക്കെ കോടതികളുടെ അന്തസ്സും വിശ്വാസ്യതയും അഭംഗുരം നിലനിൽക്കേണ്ടതുണ്ട്. സ്വതന്ത്ര ഭാരതത്തിലെ നീതിന്യായ വ്യവസ്ഥ സാമാന്യം ഭേദപ്പെട്ട നിലയിൽ തന്നെയാണ് പ്രവർത്തിച്ചുപോന്നിട്ടുള്ളത്. എന്നാൽ അടുത്ത കാലത്തായി കോടതിയിലുള്ള ജനവിശ്വാസത്തെ ഹനിക്കുന്ന പല വിമർശനങ്ങളും ഉയർന്നുകൊണ്ടിരിക്കുന്നു. കോടതികളുടെയും ജഡ്ജിമാരുടെയും എണ്ണത്തിലുള്ള അപര്യാപ്തത, കേസുകളിൽ തീർപ്പു കൽപിക്കാനുള്ള കാലതാമസം, നടപടിക്രമങ്ങളുടെ അശാസ്ത്രീയത തുടങ്ങിയവയാണ് ഒരുവക വിമർശനങ്ങൾ. ന്യായാധിപന്മാർക്കെതിരെ ഉയർന്നുവരുന്ന ആരോപണങ്ങളാണ് മറ്റൊരു വക. സാമ്പത്തിക ക്രമക്കേട് മുതൽ സദാചാരധ്വംസനം വരെയുള്ള ആക്ഷേപങ്ങൾക്കിരയാകുന്ന ജഡ്ജിമാരുടെ സംഖ്യ വർധിച്ചുകൊണ്ടിരിക്കുകയാണ്.

പഞ്ചാബ് ഹൈക്കോടതിയിലെ ചില ജഡ്ജിമാരും ബ്രോക്കർമാരും തമ്മിലുള്ള അവിഹിത ബന്ധം *ഹിന്ദുസ്ഥാൻ ടൈംസ്* ഈയിടെ പുറത്തുകൊണ്ടുവരികയുണ്ടായി. ജുഡീഷ്യറിയിൽ വൻതോതിലുള്ള ശുദ്ധീകരണം അനിവാര്യമായിരിക്കുന്നുവെന്ന് ആ പത്രം ശക്തമായ ഭാഷയിൽ അഭിപ്രായപ്പെടുകയും ചെയ്തിരിക്കുന്നു. ജഡ്ജിമാരെ നിയമിക്കാനും പ്രമോഷൻ നൽകാനും ഉത്തരവാദപ്പെട്ട ജഡ്ജസ് കമ്മിറ്റി, സുപ്രീംകോടതി വരെയുള്ള പ്രമോഷൻ നടപടികളിൽ സീനിയർ ജഡ്ജിമാരെ അവഗണിക്കുന്നുവെന്ന പരാതി പരക്കെയുണ്ട്. താഴെ തട്ടിലുള്ള ന്യായാധിപന്മാരിൽ അഴിമതി പടരുന്നതായി പല സർവേ റിപ്പോർട്ടുകളും ചൂണ്ടിക്കാണിക്കുന്നു. ജുഡീഷ്യറിയുടെ താഴെ തട്ടുകളിൽ അഴിമതിയുടെ സ്വാധീനം ഇതിനകം ഹൈക്കോടതികളുടെയും സുപ്രീംകോടതിയുടെയും ശ്രദ്ധയിൽ പെട്ടിട്ടുള്ളതാണ്. അതുവഴി കോടതിയുടെ വിശ്വാസ്യതയും അന്തസ്സും ഹനിക്കപ്പെടുന്നതിൽ അവർ ഉത്കണ്ഠാകുലരുമാണ്. ഇക്കഴിഞ്ഞ വാരം കേരള ഹൈക്കോടതി, സംസ്ഥാനത്തെ രണ്ട് സബ് ജഡ്ജിമാരെ പെരുമാറ്റ ദൂഷ്യത്തിന്റെ പേരിൽ സസ്പെന്റ് ചെയ്യുകയുണ്ടായി. ഈ സാഹചര്യത്തിൽ, പുതിയ കേന്ദ്ര നിയമകാര്യ മന്ത്രി വീരപ്പമൊയ്‌ലി തന്റെ ആദ്യത്തെ 200 ദിവസത്തിനകം നീതിന്യായ വ്യവസ്ഥയിൽ വരുത്താനുദ്ദേശിക്കുന്ന പരിഷ്കരണങ്ങളെക്കുറിച്ച് നടത്തിയ പ്രസ്താവന ശ്രദ്ധേയമാണ്. ജുഡീഷ്യറിയെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന അഴിമതിയെയും ജഡ്ജിമാരുടെ നിയമന രീതിയെയുമാണ് മന്ത്രിയുടെ പരിഷ്കരണം മുഖ്യമായി ഉന്നംവെക്കുന്നത്. ജഡ്ജിമാരെ അഴിമതിയുടെ കറ തീണ്ടുന്നത് ഗുരുതരമായ പ്രശ്നമായിത്തന്നെ ഗവൺമെന്റ് പരിഗണിക്കുന്നു. ജഡ്ജിമാരുടെ നിയമനരീതിയുമായി ബന്ധപ്പെട്ട് പെരുകിവരുന്ന വിമർശനങ്ങളും അവഗണിക്കാനാവില്ല. 160 വർഷം പഴക്കമുള്ള ജുഡീഷ്യൽ സമ്പ്രദായങ്ങൾ അതേപടി നിലനിർത്തുന്നതിൽ ജുഡീഷ്യറിക്കകത്തുതന്നെ കടുത്ത അസംതൃപ്തിയുണ്ട്. ജുഡീഷ്യൽ സംവിധാനം മെച്ചപ്പെടുത്താൻ പഴയ രീതികളെ പുനർവിചിന്തനം ചെയ്തേ തീരൂ എന്ന് ഉന്നത ജുഡീഷ്യൽ വൃത്തങ്ങൾ നിർദേശിക്കുന്നു.

ജഡ്ജിമാരുടെ നിയമനത്തിന് 1993ൽ ആവിഷ്കരിക്കപ്പെട്ട ചട്ടക്കൂടും പുനഃപരിശോധിക്കണമെന്ന് നിയമമന്ത്രി കരുതുന്നു. അതിൽ മാറ്റങ്ങളാവശ്യമുണ്ടെന്ന് തന്നെയാണ് പൊതുവായ അഭിപ്രായവും. സുപ്രീംകോടതിയിലെയും ഹൈക്കോടതികളിലെയും ജഡ്ജിമാർക്കെതിരെ ഉയരുന്ന ആക്ഷേപങ്ങളെ ഏതെങ്കിലും സാധാരണ സ്ഥാപനത്തിനു നേരെയുള്ള അപകീർത്തിയോ അവമതിയോ പോലെ കണ്ടാൽ മതിയാവില്ലെന്ന് സർക്കാർ മനസ്സിലാക്കുന്നുണ്ട്. ആരോപണവിധേയരാകുന്ന ജഡ്ജിമാരുമായി ബന്ധപ്പെട്ട നടപടികൾ നിർദേശിക്കുന്ന 1968ലെ ജഡ്ജസ് എൻക്വയറി ആക്ടും പരിഷ്കരിക്കേണ്ടതുണ്ട്. ഈ ആക്ട് കൂടുതൽ സുതാര്യമാക്കാൻ കഴിഞ്ഞ യു.പി.എ ഗവൺമെന്റ് ശ്രമങ്ങളാരംഭിച്ചിരുന്നു. അന്ന് തയാറാക്കപ്പെട്ട ബില്ലിനെ അടിസ്ഥാനമാക്കിയായിരിക്കും ഈ സർക്കാർ മുന്നോട്ടുപോവുക. പുതിയ ബിൽ പാർലമെന്റിലവതരിപ്പിച്ച് പാസ്സാക്കാൻ പ്രതിജ്ഞാബദ്ധമാണ് പുതിയ മന്ത്രിസഭ.

എന്നാൽ ജുഡീഷ്യറിയുമായി ഏറ്റുമുട്ടലിന് സർക്കാർ ഉദ്ദേശിക്കുന്നില്ല. ജുഡീഷ്യറിയെ സംബന്ധിച്ച് ഉയരുന്ന എല്ലാ വിമർശനങ്ങളെയും മുഖവിലക്കെടുക്കുന്നുമില്ല. മറ്റു സ്ഥാപനങ്ങളെപ്പോലെ ജുഡീഷ്യറിക്ക് മീഡിയകളിലൂടെ ദൈനംദിനം സ്വയം പ്രതിരോധിക്കാൻ പറ്റില്ല. അതുകൊണ്ട് ജുഡീഷ്യറിയെ വിമർശിക്കുമ്പോൾ ഏറെ സൂക്ഷ്മത വേണമെന്ന് മന്ത്രി ആവശ്യപ്പെട്ടു. കോടതികളുടെ ഭദ്രത ഉറപ്പാക്കപ്പെടുകതന്നെ വേണം. അതോടൊപ്പം വിവരാവകാശ നിയമം പ്രയോഗവത്കൃതമാവുകയും വേണം. വിവരാവകാശത്തെ തെറ്റായി ഉപയോഗിക്കാൻ ആരും മുതിർന്നുകൂടാ. ആക്ഷേപങ്ങൾക്ക് അവസരം സൃഷ്ടിക്കാതിരിക്കാൻ ജുഡീഷ്യറിയും ജാഗ്രത പാലിക്കണം. ജുഡീഷ്യറിയുടെ പരിഷ്കരണം ഗവൺമെന്റ് ഏകപക്ഷീയമായി നടപ്പിലാക്കുകയില്ല. വിഷയം ഉന്നത നിയമ വിദഗ്ധരുമായി വിശദമായി ചർച്ച ചെയ്യുകയും നിർദേശങ്ങൾ ചീഫ് ജസ്റ്റിസിന്റെ മുമ്പിൽ സമർപ്പിക്കുകയും ചെയ്ത ശേഷമേ തീരുമാനമെടുക്കൂ.

മന്ത്രി സൂചിപ്പിച്ച പരിഷ്കരണങ്ങൾ തീർച്ചയായും ആവശ്യം തന്നെ. പക്ഷേ അതുകൊണ്ടു മാത്രം ജുഡീഷ്യറി നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയില്ല. കേസുകൾ കോടതികളിൽ കെട്ടിക്കിടന്ന് തീരുമാനം വൈകുന്നതുമൂലം നീതി ലഭിക്കാതെ പോകുന്ന മർദിതർക്ക് ആശ്വാസം ലഭിക്കണമെങ്കിൽ രാജ്യത്ത് ആയിരക്കണക്കിൽ കോടതികൾ പുതുതായി സ്ഥാപിക്കേണ്ടതുണ്ട്. ഹൈക്കോടതികളിലും സുപ്രീംകോടതിയിലും ജഡ്ജിമാരുടെ എണ്ണം ഗണ്യമായി വർധിപ്പിക്കുകയും വേണം. ഈ വിഷയത്തിൽ കൂടി നിയമമന്ത്രാലയം സത്വര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. അനേകായിരം കോടതികൾ പെട്ടെന്ന് സ്ഥാപിക്കാൻ സർക്കാറിന് സാധ്യമാവില്ല. ഇപ്പോഴേ അതിനുള്ള നടപടികൾ ആരംഭിച്ചാലേ ഈ സർക്കാറിന്റെ കാലാവധി തീരുന്നതിനു മുമ്പായിട്ടെങ്കിലും പൂർത്തിയാക്കാൻ കഴിയൂ. ■